# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

No.A&VB4/1323/22

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ,ഫോർട്ട്,
തിരുവനന്തപുരം,തീയതി :13.12.2023

## കാരണം കാണിക്കൽ നോട്ടീസ്

കായംകുളം യൂണിറ്റിലെ മെക്കാനിക്ക് ശ്രീ.അറാഫത്ത്.ആർ എന്ന താങ്കൾ 13.08.2020 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല.യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും,മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് കുറ്റകരമാണ്. ആയത് താങ്കളുടെ യൂണിറ്റിലെ ഗ്യാരേജിന്റെ സുഗമമായ നടത്തിപ്പിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു.മേൽ കാരണങ്ങളാൽ കായംകുളം യൂണിറ്റിലെ മെക്കാനിക്ക് ശ്രീ.അറാഫത്ത്.ആർ എന്ന താങ്കൾക്ക് 1960 –ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 31.12.2022 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രം താങ്കളുടെ മേൽവിലാസത്തിൽ കൈമാറിയിട്ടും താങ്കൾ മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്. താങ്കൾ വിദേശത്ത് ജോലി ചെയ്യുകയാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. തുടർന്ന് നിശ്ചിത സമയപരിധിയ്ക്ക് ശേഷം ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി ആലപ്പുഴ ജില്ലാധികാരിയെ നിയോഗിക്കുകയും മൂന്ന് അവസരങ്ങൾ നൽകിയിട്ടും വിചാരണയ്ക്ക് ഹാജരാകുകയോ, അസൗകര്യം സംബന്ധിച്ച അറിയിപ്പ് നൽകുകയോ ചെയ്യിട്ടില്ലാത്ത താങ്കൾക്ക് എതിർ വാദങ്ങളോ, വിശദീകരണമോ ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ ലഭ്യമായ രേഖകളുടെയും സക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 06.04.2023 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 20.06.2023 തീയതിയായി അയച്ച് നൽകുകയും ആയത് താങ്കളുടെ ഭാര്യ കൈപ്പറ്റുകയുണ്ടായി.

ഫയലും, അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു.13.08.2015 മുതൽ 12.08.2020 വരെ ശൂന്യവേതന അവധിയിൽ ആയ താങ്കൾ ടി അവധി കാലയളവ് അവസാനിച്ചിട്ടും ജോലിയിൽ പുന:പ്രവേശിക്കാതെ 13.08.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽ പ്രവൃത്തി ഗ്യാരേജിന്റെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്യിട്ടുള്ളതാണ്. കോർപ്പറേഷന്റെ അനുമതിയില്ലാതെ വിദേശത്ത് ജോലിയിൽ തുടരുന്നതിനാൽ ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന് കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനുമാണ്. ആകയാൽ കായംകുളം യൂണിറ്റിലെ മെക്കാനിക്ക് ശ്രീ.അറാഫത്ത്.ആർ എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും)ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ.അറാഫത്ത്.ആർ എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർ വാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ, വിശദീകരണമോ നല്കുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)
20/12/23

സ്വീകർത്താവ്
ശ്രീ .അറാഫത്ത്.ആർ ,മെക്കാനിക്ക് ,കായംകുളം
(ജില്ലാധികാരി ,ആലപ്പുഴ മുഖാന്തിരം)

പകർപ്പ് : ജില്ലാ അധികാരി ആലപ്പുഴ - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിവച്ച് ഒപ്പിട്ട്,